# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7849 23.07.2012 -ൽ മറുപടിയ്ക്ക്**

**അലക്സ് സി. ജോസഫിനെതിരെയുള്ള വ്യാജ പാസ്പോർട്ട് കേസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ സി. കൃഷ്ണൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) ആഡംബര കാർ കടത്ത് കേസിലെ പ്രതി അലക്സ് സി. ജോസഫിനെതിരെയുള്ള വ്യാജ പാസ്പോർട്ട് കേസിൽ അന്വേഷണം പൂർത്തിയായോ ; ഇല്ലെങ്കിൽ കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ ;<br><br>ബി) കേസിന്റെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) അന്വേഷണം പൂർത്തിയായിട്ടില്ല. പ്രതി വ്യാജ പാസ്പോർട്ട് ഉപയോഗിച്ച് വിദേശത്തുനിന്നും ഹൈദ്രാബാദിൽ എത്തിയ സമയം തയ്യാറാക്കിയ ' Arrival Card' ന്റെ അസ്സൽ ഹൈദ്രാബാദ് എയർപോർട്ട് എമിഗ്രേഷൻ അധികൃതരിൽ നിന്നും, പ്രതി വ്യാജപേരിലും വിലാസത്തിലും ദുബായിൽ നിന്നും സ്വന്തമാക്കിയ പാസ്പോർട്ടിന്റെ വിവരങ്ങൾ യു.എ.ഇ. എംബസിയിൽ നിന്നും ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. പ്രതിയെ വിദേശത്ത് വച്ച് വ്യാജപേരിൽ അറിയാവുന്നതും വിദേശത്തുനിന്നും മടങ്ങി വന്നിട്ടുള്ളതുമായ സാക്ഷികളെ കാണിച്ച് പ്രതിയെ തിരിച്ചറിയിക്കേണ്ടതായുണ്ട്. ഈ നടപടികൾ പൂർത്തിയാക്കി അന്വേഷണം കഴിയുന്ന മുറയ്ക്ക്, ഇൻഡ്യൻ പാസ്പോർട്ട് ആക്റ്റ് പ്രകാരമുള്ള കുറ്റവകുപ്പുകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ prosecution sanction ലഭ്യമാക്കിയ ശേഷം കുറ്റപത്രം സമർപ്പിക്കുന്നതാണ്. |
| സി) പ്രതിക്ക് പ്രസ്തുത കേസിൽ ജാമ്യം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ജാമ്യം ലഭിക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ ? | (സി) ബഹു. കോടതിയുടെ അനുവാദമില്ലാതെ കേരള സംസ്ഥാനം വിട്ട് പുറത്ത് പോകരുത് എന്നും കേസ്സിന്റെ അന്വേഷണത്തിന് സഹകരിക്കണമെന്നുമുള്ള ഉപാധികളോടെ പ്രതിക്ക് ജാമ്യം അനുവദിച്ചിട്ടുണ്ട്. നിയമാനുസരണം വിചാരണ തടവിനുള്ള 60 ദിവസത്തെ കാലാവധി കഴിഞ്ഞതിനാലാണ് ജാമ്യം അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ